ക്കും ഉണ്ടാകുംവരെ ബില്ലിനെതിരായ പ്രക്ഷോഭണം തുടർന്നുനടക്കുകതന്നെ വേണം. ഇതു പത്രക്കാരെമാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. ഇന്ത്യയിലെ ജനാധിപത്യത്തിന്റെ നിലനിൽപ്പ് ഈ പ്രശ്നത്തെ ആശ്രയിച്ചിരിക്കുന്നു. ഇതിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഇടമില്ല.

(12, സെപ്തംബർ 1988)

# 38. സ്ത്രീമുക്തി

കേരളത്തിൽ ഇന്നു (ജനവരി 23—ാം തീയതി) നടക്കുന്ന പഞ്ചായത്ത്—മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ 11,447 വാർഡുകളിലേക്കുള്ള 37,000-ത്തോളം സ്ഥാനാർത്ഥികളിൽ 5752 പേർ സ്ത്രീകളാകുന്നു. പഞ്ചായത്തുകളിൽ 1998 സീററുകൾ സ്ത്രീകൾക്കു സംവരണംചെയ്തവയാണ്. അതിനാൽ അത്രയും സ്ത്രീകൾ എങ്ങനെയായാലും നമ്മുടെ പ്രാഥമിക ജനാധിപത്യസംവിധാനത്തിൽ പങ്കാളികളായി ഉണ്ടാവും. കൂടുതൽ സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടാൽ അവരുടെ യോഗ്യതയിൽ വോട്ടർമാർക്കുള്ള മതിപ്പിന്റെ പ്രകടനമായിരിക്കും ആ തെരഞ്ഞെടുക്കൽ.

തെരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളായി മത്സരിക്കുന്ന പുരുഷന്മാരിലെന്നപോലെ സ്ത്രീകളിലും പലരും പൊതുക്കാര്യങ്ങളിൽ യഥാർത്ഥ താല്പര്യമില്ലാത്തവരോ, തൽക്കാലത്തെ ആവേശംമൂലം രംഗത്തിറങ്ങിയവരോ, അധികാരത്തിൽ മാത്രം കണ്ണു നട്ടവരോ ആയിക്കൂടെന്നില്ല. എങ്കിലും, സ്വന്തം കുടുംബത്തിന്റെ സങ്കുചിത പരിധിക്കപ്പുറത്ത് വിശാലമായ സമൂഹത്തിൽ നടക്കുന്ന കാര്യങ്ങളിൽ കുറെയെങ്കിലും താല്പര്യവും, ഈ കാര്യങ്ങൾ ഇന്നു നടന്നുവരുന്ന സമ്പ്രദായത്തിൽ കുറെയൊക്കെ അതൃപ്തിയും, അവ നേർവഴിക്കു തിരിച്ചുവിടുന്നതിൽ ഫലപ്രദമായ പങ്കു വഹിക്കുവാൻ തങ്ങൾക്കു സാധിക്കുമെന്ന ആത്മവിശ്വാസവും സ്ഥാനാർത്ഥികളായ സ്ത്രീകളിൽ വളരെ വലിയ ഒരു വിഭാഗത്തിനു ഉണ്ടായിരിക്കാതെ വയ്യ.

രണ്ടു വിധത്തിൽ പ്രാധാന്യമുള്ള ഒരു സംഗതിയാണ് തെരഞ്ഞെടുപ്പുരംഗത്ത് ഇത്രയധികം സ്ത്രീകളുടെ പ്രത്യക്ഷപ്പെടൽ.

പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഭരണവ്യവസ്ഥയാണല്ലൊ ജനാധിപത്യം. ജനങ്ങൾ പരമാധികാരം കൈയാളുന്നത് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെയാകുന്നു. ജനസംഖ്യയിൽ അമ്പതു ശതമാനത്തിലേറെ സ്ത്രീകളാണ്. അതിനാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽ പകുതിയിലേറെ സ്ത്രീകളായിരിക്കുന്നതാണ് സ്വാഭാവികം. പാർലമെൻറിലെയും സ്റ്റേററ് നിയമസഭകളിലെയും കാര്യമാണ് ഇപ്പറഞ്ഞത്. ഇവയ്ക്കു താഴെ ജില്ലാകൗൺസിൽ, മുനിസിപ്പാലിററി, പഞ്ചായത്ത്, സഹകരണസംഘങ്ങൾ, സ്കൂൾകമ്മിററികൾ, തൊഴിൽസംഘടനകൾ, സാമൂഹ്യസംഘടനകൾ, അദ്ധ്യാപക—രക്ഷാകർത്തൃസംഘടനകൾ, ഗ്രന്ഥശാലാസംഘങ്ങൾ, സാക്ഷരതാപ്രചാരസംഘങ്ങൾ തുടങ്ങിയ 'തൃണമൂലതലം' (ഗ്രാസ്റൂട്ട് ലെവൽ) എന്നു വിളിക്കപ്പെടുന്ന ജനാധിപത്യത്തിന്റെ അതിവിപുലമായ ഒരു തലമുണ്ട്. ജനാധിപത്യത്തെ ഒരു ജീവിതസമ്പ്രദായം, ഒരു സംസ്കാരം ആക്കിത്തീർക്കുന്നത് ഈ തലത്തിലുള്ള ഊർജസ്വലവും ആദർശഭാസുരവുമായ പ്രവർത്തനമാകുന്നു. ഈ തലത്തിൽ പുരുഷന്മാരെക്കാൾ കൂടുതൽ നിരന്തരമായും ഫലപ്രദമായും ചൈതന്യപൂർണമായും പ്രവർത്തിക്കാൻ സ്ത്രീകൾക്കു കഴിയും. അവർ അങ്ങനെ പ്രവർത്തിക്കുകയും വേണം. ഓരോ വീട്ടമ്മയും രാഷ്ട്രീയകാര്യങ്ങളിൽ സക്രിയമായി ഇടപെട്ടു പ്രവർത്തിക്കുമ്പോഴേ സോഷ്യലിസം നില

[illegible]ിൽ വരികയുള്ളു എന്ന് ലെനിൻ പ്രസ്താവിച്ചതിന്റെ അർത്ഥം ഇതാകുന്നു. ജനാധിപത്യത്തിന്റെ ഈ വളക്കൂറുള്ള മണ്ണിൽ പ്രാഥമികതലത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സംഖ്യ ഏറുന്ന തോതിനു നമ്മുടെ ജനാധിപത്യവ്യവസ്ഥിതിയിൽ ഇന്നു കാണപ്പെടുന്ന അധികാരവടംവലിയും ചൂഷണപ്രവണതകളും പകപോക്കൽ മനോഭാവങ്ങളും ഇവപോലെയുള്ള മററു വിത്രുപണങ്ങളും അപ്രത്യക്ഷമാവുകയും ജീവിതത്തെ കൂടുതൽ സ്വച്ഛവും ശാന്തവും ആഹ്ലാദപൂർണവുമാക്കുന്നതിനു ഈ ഭരണസമ്പ്രദായത്തിനുള്ള ക്ഷമത വർദ്ധിച്ചുവരികയും ചെയ്യും. ഇതു് നമ്മുടെ സമൂഹത്തിന്റെ ആധുനികീകരണപ്രക്രിയയെ ത്വരിപ്പിക്കാതിരിക്കുകയില്ല.

പ്രാദേശികസ്വയംഭരണം സംബന്ധിച്ച തെരഞ്ഞെടുപ്പിൽ ഇത്രയേറെ സ്ത്രീകൾ സ്ഥാനാർത്ഥികളായി പ്രത്യക്ഷപ്പെട്ടതിന്റെ സാമൂഹ്യമായ പ്രാധാന്യം ഇതാണ്. തെരഞ്ഞെടുപ്പുരംഗത്തേക്ക് സ്ത്രീകളുടെ വൻതോതിലുള്ള ഈ പ്രവേശനം ശതാബ്ദങ്ങളായി അടിച്ചമർത്തപ്പെട്ട നമ്മുടെ നാട്ടിലെ സ്ത്രീകളുടെ വിമോചനപ്രസ്ഥാനത്തിന് ആക്കം കൂട്ടിയേക്കാമെന്നതും തുല്യപ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാകുന്നു.

സ്വത്തവകാശമില്ലായ്മയാണ് ഇന്ത്യയിൽ പല പ്രദേശങ്ങളിലും സ്ത്രീകളുടെ പിൻനിലയ്ക്കുള്ള മുഖ്യകാരണം. കേരളത്തിൽ പല സമുദായങ്ങളിലും പുലർന്നുവന്ന മരുമക്കത്തായ സമ്പ്രദായം സ്ത്രീകളുടെ ഈ അവശതയുടെ രൂക്ഷത ഗണ്യമായി കുറച്ചിട്ടുണ്ട്. സ്വതന്ത്രഭാരതത്തിൽ സ്ത്രീകളുടെ സാമ്പത്തിക അവകാശങ്ങൾക്ക് നിയമം സംരക്ഷണം നൽകുന്നുമുണ്ട്.

ഇന്ത്യയുടെ മററു പ്രദേശങ്ങളിൽ നിരക്ഷരതയാണ് സ്ത്രീകളുടെ മറെറാരു ശാപം. കേരളത്തിൽ ഭാഗ്യവശാൽ സ്ഥിതി വ്യത്യസ്തമാണ്. ആൺകുട്ടികളെ അപേക്ഷിച്ച് കൂടുതൽ പെൺകുട്ടികൾ വിദ്യാഭ്യാസത്തിൽ ആഭിമുഖ്യം കാട്ടുന്നു എന്നതു് കേരളത്തിന്റെ അഭിമാനാവഹമായ ഒരു സവിശേഷതയാകുന്നു.

പക്ഷേ, വിദ്യാഭ്യാസവും സാമ്പത്തിക സ്വാതന്ത്ര്യവുമുണ്ടെങ്കിലും സ്ത്രീ കേരളത്തിലും സ്വന്തം കുടുംബത്തിനകത്തു് ഒതുങ്ങി ജീവിക്കാനാണ് ഇഷ്ടപ്പെടുന്നതു്. വേണ്ട അളവിൽ പൊതുജീവിതത്തിൽ പങ്കുപററുന്നതിനോ നേതൃത്വം വഹിക്കുന്നതിനോ കേരളത്തിലെ സ്ത്രീകൾ മുന്നോട്ട് വന്നുതുടങ്ങിയിട്ടില്ല. സ്ത്രീവിമോചനം യാഥാർത്ഥ്യമായിത്തീരുന്നതു് പൊതുജീവിതത്തിൽ തങ്ങൾക്ക് അർഹതയുള്ള നേതൃത്വം സ്ത്രീകൾ കൈയേല്ക്കുമ്പോൾ മാത്രമാണ്. സൈനികസേവനം, ആപൽക്കരങ്ങളായ ഖനനംപോലെയുള്ള സാമ്പത്തികപ്രവർത്തനങ്ങൾ മുതലായ സ്ത്രീയുടെ ശരീരപ്രകൃതിയുമായി ഇണങ്ങാത്ത ചുരുക്കം ചില രംഗങ്ങളിലൊഴികെ ജീവിതത്തിന്റെ പരപ്പേറിയ എല്ലാ മേഖലകളിലും സ്ത്രീയുടെ സാന്നിദ്ധ്യം പ്രകടമായി അനുഭവപ്പെടുന്ന സമൂഹത്തിൽ മാത്രമേ സ്ത്രീ യഥാർത്ഥമായ ഭൗതികവും ആദ്ധ്യാത്മികവുമായ സ്വാതന്ത്ര്യം അനുഭവിക്കുകയുള്ളു.

ജനാധിപത്യത്തിന്റെ പൊതുരംഗത്തേക്ക് സ്ത്രീകൾ വലിയതോതിൽ കടന്നുവരുന്നതിനെയാണ് പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ വനിതാസ്ഥാനാർത്ഥികളുടെ വർദ്ധിച്ച എണ്ണം കുറിക്കുന്നതു്. സ്ഥാനാർത്ഥികളായ ഈ സ്ത്രീകൾ തോററവരും ജയിച്ചവരും ഒരുപോലെ തെരഞ്ഞെടുപ്പിനുശേഷവും പഞ്ചായത്തു്—മുനിസിപ്പാലിററി കാര്യങ്ങളിൽ താല്പര്യം നിലനിർത്തുമെങ്കിൽ കേരളത്തിലെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആയാമം ഗണ്യമായ തോതിൽ വികസിക്കുന്നതായിരിക്കും. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ ഇന്നു ഭയപ്പെടുന്ന അരക്ഷിതത്വം അതോടെ അപ്രത്യക്ഷമാകും. ജീവിതത്തെ ദുരിതപൂർണമാക്കുന്ന ചെറുകിട കള്ളത്തരങ്ങളും ചെററത്തരങ്ങളും അതോടെ അറുതിവരും.

ജനാധിപത്യത്തിൽ തങ്ങൾക്കുള്ള ഉത്തരവാദിത്വം കേരളത്തിലെ സ്ത്രീകൾ മനസ്സിലാക്കിയിരിക്കുന്നു എന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. ഇത്ത

വണ പ്രാദേശിക സ്വയംഭരണതലത്തിൽ തെരഞ്ഞെടുപ്പിനു മത്സരിച്ച സ്ഥാനാർത്ഥികളിൽ ഏതാണ്ട് ഏഴിലൊന്നു മാത്രമായിരുന്നു സ്ത്രീകൾ. ജനസംഖ്യാനുപാതികമായി നോക്കിയാൽ സ്ത്രീസ്ഥാനാർത്ഥികളുടെ സംഖ്യ ഇതിന്റെ മൂന്നര ഇരട്ടിയോളം ഉണ്ടാവേണ്ടതായിരുന്നു. അതിനാൽ സ്ത്രീകളുടെ സാമൂഹ്യമായ ഉത്തരവാദിത്വം ബോധ്യപ്പെടുത്തി അവരെ സക്രിയരാക്കുന്നതിന് വളരെയേറെ പ്രവർത്തനം കേരളത്തിലും മേലിൽ നടക്കേണ്ടതുണ്ട്. അതേസമയം ഈ തെരഞ്ഞെടുപ്പിൽ സ്ത്രീകൾ വഹിച്ച പങ്ക് തീർച്ചയായും കേരളത്തിന് അഭിമാനാർഹമാണ്. ഈ കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ എത്രയോ മുന്നിലാണ് കേരളം.

(23 ജനുവരി, 1988)

# 39 സ്ത്രീകൾക്ക് ഒരു ദേശീയ പദ്ധതി

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിലെ സ്ത്രീകൾ നേടിയ പുരോഗതി വിലയിരുത്തുകയും ഈ പുരോഗതിയെ ത്വരിപ്പിക്കുന്നതിന് 1988–ാമാണ്ടുമുതൽ 2000–ാമാണ്ടുവരെയുള്ള പന്ത്രണ്ടു വർഷങ്ങളിൽ ഗവണ്മെന്റ് കൈക്കൊള്ളേണ്ട നടപടികൾ നിർദേശിക്കുകയും ചെയ്യുന്ന ഒരു ദേശീയപദ്ധതിയുടെ കരട്ടരേഖ (ഡ്രാഫ്റ്റ് നാഷനൽ പെർസ്പെക്റ്റീവ് പ്ലാൻ ഫോർ വിമെൻ 1988–2000 എ. ഡി.) 1988 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിക്കുകയുണ്ടായി. തുടർന്നു നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ചില ഭേദഗതികൾ വരുത്തിയ രൂപത്തിൽ ഈ രേഖ ഇക്കഴിഞ്ഞ നവംബറിൽ മദ്രാസിൽ ചേർന്ന ഒരു സെമിനാറിൽ പ്രധാനമന്ത്രി സമർപ്പിച്ചു. ഇന്ത്യയിലെ സ്ത്രീകളുടെ ഇന്നത്തെ സ്ഥിതിയുടെ ശോചനീയത വ്യക്തമാക്കുന്നതെന്ന നിലയ്ക്ക് ഈ രേഖ വ്യാപകവും നിഷ്കൃഷ്ടവുമായ പഠനം അർഹിക്കുന്നുണ്ട്.

ഇന്ത്യയിൽ ഇപ്പോൾ മുപ്പത്തിഏഴു കോടിയിലേറെ സ്ത്രീകളുണ്ട്. ഇവരിൽ പതിനഞ്ചു കോടിയും കടുത്ത ദാരിദ്ര്യത്തിലാണ് കഴിഞ്ഞുകൂടുന്നത്. ദാരിദ്ര്യം പുരുഷന്മാർക്കുമുണ്ടെങ്കിലും ദരിദ്രപുരുഷന്മാർക്കില്ലാത്ത പല അവശതകളും ദരിദ്രസ്ത്രീകൾ അനുഭവിക്കേണ്ടിവരുന്നു. പെൺകുട്ടി ഒരു ശാപമാണെന്നു കരുതുന്ന മാതാപിതാക്കൾ ഇന്ത്യയിൽ കുറവല്ല. 'ആമ്നിയോസെന്റസിസ്' എന്ന ഉല്ബജല പരീക്ഷണത്തിലൂടെ ഗർഭസ്ഥശിശു ആണോ പെണ്ണോ എന്നു തിട്ടപ്പെടുത്തുക ഇപ്പോൾ എളുപ്പമാണ്. ശിശു പെണ്ണാണെന്ന് അറിവായാൽ ഉടനെ ഗർഭഛിദ്രം നടത്തുകയും നടത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. പിറന്ന ശേഷം ഏതാനും ദിവസങ്ങൾക്കകം പെൺകുട്ടികളെ കൊലപ്പെടുത്തുന്ന വഴക്കം ഇന്ത്യയിൽ ചില പ്രദേശങ്ങളിൽ ചില ജനവിഭാഗങ്ങൾക്കിടയിൽ ഇന്നും നിലനില്ക്കുന്നു. ജീവിക്കാൻ അനുവദിക്കപ്പെട്ടാലും ആൺകുട്ടികൾക്കു നൽകുന്ന പോഷകഭക്ഷണമോ, രോഗശുശ്രൂഷയോ, ശ്രദ്ധയോ മിക്ക പ്രദേശങ്ങളിലും പെൺകുട്ടികൾക്കു നൽകപ്പെടുന്നില്ല. ഇക്കാരണത്താൽ ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികൾ ശൈശവത്തിൽ മരിക്കുന്നു. ഗർഭ–പ്രസവ–ശുശ്രൂഷകളുടെ അപര്യാപ്തതമൂലം യൗവനത്തിൽത്തന്നെ മരിച്ചുപോകുന്ന സ്ത്രീകളും കുറവല്ല. ഇതെല്ലാം നിമിത്തം 1981–ൽ ആയിരം പുരുഷന്മാർക്ക് 933 സ്ത്രീകളേ ഇന്ത്യയിൽ ഉണ്ടായിരുന്നുള്ളു. 1981–ൽ പുരുഷന്മാരുടെ ആയുഃപ്രതീക്ഷയേക്കാൾ ഒരു വർഷം കുറവായിരുന്നു ഇന്ത്യയിലെ സ്ത്രീകളുടെ ആയുഃപ്രതീക്ഷ—51.6 വർഷം.